**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 162 11/02/2020-ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളുടെ നിലവാരമുയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ.ആർ.കേളു**<br>**ശ്രീ. എൻ.വിജയൻ പിള്ള**<br>**ശ്രീ. ഡി.കെ.മുരളി**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കണമെന്ന നിരന്തര ആവശ്യം കേന്ദ്രസർക്കാർ അംഗീകരിക്കാതിരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിത്സയ്ക്ക് അനുവദിച്ചിരുന്ന ഇളവുകൾ പരിമിതപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് അതിവിദഗ്ധ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കോളേജുകളുടെ നിലവാരമുയർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) & (ബി) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളുടെയും ജനറൽ-ജില്ലാ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | |
| (സി) | സംസ്ഥാനത്ത് അടിയന്തര ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കോളേജുകളുടെ നിലവാരമുയർത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ മെഡിക്കൽ കോളെജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. എറണാകുളം മെഡിക്കൽ കോളെജിന് 368.75 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം മെഡിക്കൽ കോളെജിന് 717 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി ആദ്യ ഘട്ടമെന്ന നിലയിൽ 58 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിന് ആദ്യഘട്ടമെന്ന നിലയിൽ 134 കോടിയുടെ സർജിക്കൽ ബ്ലോക്കിന് കിഫ് ബി വഴി അംഗീകാരം ലഭിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളെജുകളിൽ (നിലവിലുള്ളവയിൽനിന്ന് അധികമായി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 147 പി. ജി സീറ്റുകൾ കൂടി MCI-യുടെ അംഗീകാരത്തോടെ ലഭ്യമാക്കി.

എല്ലാ മെഡിക്കൽ കോളെജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എസ്.എ.ടി.യിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രൊഡക്റ്റീവ് മെഡിസിൻ പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളെജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 'പേഷ്യന്റ് ഫ്രണ്ട്ലി ട്രാൻസ്ഫെർമേഷൻ ഓഫ് ഔട്ട് പേഷ്യന്റ് സർവ്വീസ്' എന്ന പദ്ധതിക്കായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സി.റ്റി. സിമുലേറ്റർ വാങ്ങുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളെജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളെജിൽ 12 കോടി രൂപ ചെലവിൽ എം. ആർ. ഐ സ്കാൻ സ്ഥാപിച്ചു. കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളെജിനോട് അനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കാൻ അനുമതി നൽകി.

കേരളത്തിൽ ആദ്യമായി ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളെജുകളിൽ ആരംഭിക്കാൻ അനുമതി നൽകി

ആലപ്പുഴ, കോഴിക്കോട്, മെഡിക്കൽ കോളെജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് അഞ്ച് മെഡിക്കൽ കോളെജുകളിലേക്ക് 721 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചു.

കാൻസർ സെൻററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിൽസ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി,മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളെജിൽലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളെജിൽസംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ ട്രോമ കെയർ സംവിധാനത്തിന്റെ

ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നൽകുകയും ആദ്യ ഘട്ടമായി7.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമകെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനികസൗകര്യങ്ങളോടു കൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MoU-വും, പ്രൊപ്പോസലും അംഗീകരിച്ച് നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പോളീട്രോമാകെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്) പ്രവർത്തനവും, പഠനനിലവാരവും, ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടിഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി, മൾട്ടിഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തിച്ചു വരുന്നു. അത്യാധുനിക മോർച്ചറി സംവിധാനവും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളെജിൽമൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളെജിൽഇ-ഹെൽത്ത് പദ്ധതിപ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി..യിൽ ടോക്കൺ സംവിധാനവും അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. തിരുവനന്തപുരം മെഡിക്കൽ കോളെജിൽപീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി. ടി സ്കാൻ സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമ കെയർ സംവിധാനത്തോടുകൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി ) ബ്ലോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ 3.30 കോടി രൂപയ്ക്ക് ഡി.എസ്.എ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകി. കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നൽകി. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്കു മാത്രമായി ഒ.പി. സംവിധാനം ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 21.47 കോടി രൂപ മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്ഥാപിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളെജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളെജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരുകോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സ പുനഃസ്ഥാപിച്ചു തൃശ്ശൂർ മെഡിക്കൽ കോളെജിൽ ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി. ടി സ്കാനർ സ്ഥാപിച്ചു.

മഞ്ചേരി മെഡിക്കൽ കോളെജിൽ ക്യാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. ഇ.എൻ.റ്റി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡെൻഷ്യൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അധ്യാപക-അനധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ (103.86 കോടി രൂപ) പുരോഗമിച്ചുവരുന്നു. ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ

നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ കളർ ടോപ്ലെയർ, ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൗണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷിനും അനുബന്ധ ഉപകരണങ്ങളും, സി.ടി. സ്കാനർ, ഹൈ എൻഡ് -അൾട്രാ സോണോഗ്രാം,EEG, EMG, ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

എറണാകുളം മെഡിക്കൽ കോളെജിൽ 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. എറണാകുളം മെഡിക്കൽ കോളെജിൽ തസ്തികകൾ സൃഷ്ടിച്ച്, നെഫ്രോ, കാർഡിയോ, ന്യൂറോ വിഭാഗങ്ങൾ ഉൾപ്പടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളെജിൽ എം.ആർ.ഐ ഉൾപ്പടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലെയും സൂപ്പ ർസ്പെഷ്യാലിറ്റിയി-ലെയും OIP Block നിർമ്മാണം ചെസ്റ്റ് ആശുപത്രി മാതൃശിശു സംരക്ഷണ കേന്ദ്രം, സൂപ്പർസ്പെ-ഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയ്റ്റിങ്ങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ടോയിലറ്റു-കളുടെ നിർമ്മാണം, നിലവിൽ ഉള്ളവയുടെ നവീകരണം, ഫാർമസി കോളേജ്, സൂപ്പർസ്പെഷ്യാ-ലിറ്റി ബ്ലോക്ക് എന്നിവിടങ്ങൾക്ക് അടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർസ്പെഷ്യാലിറ്റി ബ്ലോ-ക്കിലേക്കുള്ള റോഡിൽ ഇൻറർലോക്ക് പാകൽ, ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി. ബ്ലോക്കിൽ എ.സി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ എൻ.എം.സി.-എച്ച്-ലെ ഒ.പി ബ്ലോക്ക് നിർമ്മാണം, വെയിറ്റിംങ്ങ് ഏരിയ എന്നിവയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ഐ.എം.സി.എച്ച്-ൽ രോഗികൾക്ക് വസ്ത്രം ഉണക്കുവാൻ ഇടുന്ന സ്ഥലത്തിന്റെ നിർമ്മാണം എസ്.ഡി.എസ്.എം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പ സ്ഥലത്തിന്റെ നിർമ്മാണം, ഐ.എം.സി.എച്ച്-ലെ ഡൈനിംഗ് ഹാൾ നവീകരണം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ക്യാമ്പസിലെ ഹോസ്റ്റലിന് ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയും നടന്നു വരുന്നു. ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരോ സമുച്ചയത്തിലാക്കി 30000 സ്ക്വയർ ഫീറ്റിൽ പുതുതായി ത്രിതീയ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു. റേഡിയോ ഡൈഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയോ സി.ടി.സ്കാൻ സ്ഥാപിച്ചു. കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14 കോടി അനുവദിച്ചു. രോഗികളുടെയും രോഗവിവരങ്ങളുടെയും അനുബന്ധവിവരങ്ങളുടെയും ഡിജിറ്റൽ വൽക്കരണവും ഭാവിയിൽ പഠനഗവേഷണങ്ങൾക്കായി വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-ഹെൽത്ത് പദ്ധതി. ഇതിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ ഇ-ഹെൽത്ത് പദ്ധതി ഒ.പി.രജിസ്ട്രേഷൻ തലത്തിൽ എത്തി നിൽക്കുന്നു. അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചിലവിൽ ലക്ചർ തീയേറ്റർ കോംപ്ലക്സ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 5 കോടി ചിലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് യൂണിറ്റ് സ്ഥാപിച്ചു. പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു

കോഴിക്കോട് മെഡിക്കൽ കോളെജിൽ 44.50 കോടി രൂപ ചിലവിൽ ടെർഷ്യറി

കാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5. 8 കോടി രൂപ ചെലവിൽ സ്പെക്ട് സി.ടി ഗാമ ക്യാമറയും, റേഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയാക് സി.ടി സ്കാനും സ്ഥാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ മോളിക്യൂലാർ ഡയഗ്നോസ്റ്റിക്സ് ഫെസിലിറ്റി ക്രമീകരിക്കുന്നതിനായി 1.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിച്ചു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 8 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന കാത്ത് ലാബിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടക്കുന്നു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 2.5 കോടി രൂപ ചെലവഴിച്ച് സി.ടി സ്കാൻ സ്ഥാപിച്ചു.

കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത്, ടി കോളേജിന്റെ ഭരണപരമായ കാര്യങ്ങൾക്ക് 11 തസ്തിക അനുവദിച്ചു. മറ്റ് മെഡിക്കൽ കോളേജിനെ പോലെ ഈ മെഡിക്കൽ കോളേജിനെയും മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ജില്ലാ/ജനറൽ ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായും പ്ലാൻ ഫണ്ടും മറ്റ് വിവിധ പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മുഖേന ശക്തിപ്പെടുത്താനുള്ള നടപടികൾ നടപ്പിലാക്കി വരുന്നത്.

1. പ്ലാൻ ഫണ്ട്, കിഫ്ബി, എം.പി/എം.എൽ.എ ആസ്തി വികസന ഫണ്ട്, നബാർഡ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ വഴി സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി വരുന്നു.
2. എം.ആർ.ഐ, സി.ടി സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.
3. സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ജനറൽ/ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു.
4. ആർദ്രം മിഷന്റെ ഭാഗമായി 8 സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു
5. മെച്ചപ്പെട്ടതും അത്യാധുനികവുമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കി വരുന്നു.
6. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കാത്ത് ലാബ്/ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ജില്ലാതല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ആധുനിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി സഹായത്തോടെ 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും താഴെ പറയുന്ന 42 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കി സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കാൻ നടപടികൾ നടന്നുവരുകയും ചെയ്യുന്നു. സംസ്ഥാനത്ത് ആകെ 83 സ്ഥാപനങ്ങളിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി | 48 |
| 2 | ജനറൽ ആശുപത്രി | 10 |
| 3 | ജില്ലാ ആശുപത്രി | 16 |
| 4 | പ്രാഥമികാരോഗ്യകേന്ദ്രം | 1 (ഈരാറ്റുപേട്ട) |
| 5 | സാമൂഹികാരോഗ്യകേന്ദ്രം | 6 |
| 6 | ട്രൈബൽ സ്പെഷ്യാലിറ്റി | 1 |
| 7 | അർബൻ ഡയാലിസിസ് സെന്റർ, മട്ടന്നൂർ | 1 |

| | |
|---|---|
| ആകെ | 83 |

ഈ 83 സ്ഥാപനങ്ങളിലായി രോഗികൾക്ക് ഡയാലിസിസ് നൽകി വരുന്നു. ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി സർക്കാരിന്റെ പ്ലാൻ ഫണ്ട് പ്രകാരം 2015-2016 കാലയളവിൽ 249.953 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | ജനറൽ ആശുപത്രി കായംകുളം | സി.ടി.സ്കാൻ | 16137200/- രൂപ |
| 2. | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ | കാഷ്വാലിറ്റി നവീകരണം | 2545000/- രൂപ |
| 3. | ജനറൽ ആശുപത്രി, ആറ്റിങ്ങൽ | ഉപകരണങ്ങൾ | 1048400/- രൂപ |
| 4. | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | ഉപകരണങ്ങൾ | 380000/- രൂപ |
| 5 | ജില്ലാ ആശുപത്രി, കൊല്ലം | ഉപകരണങ്ങൾ | 380000/- രൂപ |
| 6 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | ഉപകരണങ്ങൾ | 380000/- രൂപ |
| 7 | ജില്ലാ ട്രൈനിംഗ് സെന്റർ | ഉപകരണങ്ങൾ | 4124700/- രൂപ |

ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി 2016-2017 കാലയളവിൽ 360 ലക്ഷം രൂപ സർക്കാർ അനുവദിച്ചു.

| | | | |
|---|---|---|---|
| 1 | താലൂക്ക് ആശുപത്രി, ഫോർട്ട് തിരുവനന്തപുരം | വേജസ് | 456000/- രൂപ |
| 2 | താലൂക്ക് ആശുപത്രി, വർക്കല | ഉപകരണം | 2475000/- രൂപ |
| | | മരുന്ന് | 11115000/-രൂപ |
| | | അടിസ്ഥാന സൗകര്യം (പ്ലംബിംഗ്, ഇലക്ട്രിസിറ്റി) | 21954000/-രൂപ |

ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി 2017-2018 കാലയളവിൽ 10,80,00,000 രൂപ അനുവദിച്ചു

| | | | |
|---|---|---|---|
| 1 | താലൂക്ക് ആശുപത്രി, കട്ടപ്പന | ഉപകരണങ്ങൾ | 1,50,00,000/- രൂപ |
| 2 | താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | ഉപകരണങ്ങൾ | 1,50,00,000/- രൂപ |
| 3 | താലൂക്ക് ആശുപത്രി, അടിമാലി | ഉപകരണങ്ങൾ | 1,50,00,000/- രൂപ |
| 4 | താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | നിർമ്മാണം | 2,10,00,000/- രൂപ |
| 5 | താലൂക്ക് ആശുപത്രി, കട്ടപ്പന | നിർമ്മാണം | 2,10,00,000/- രൂപ |
| 6 | താലൂക്ക് ആശുപത്രി, അടിമാലി | നിർമ്മാണം | 2,10,00,000/- രൂപ |

2018-2019 കാലയളവിൽ ഡയാലിസിസ് യൂണിറ്റിന് വേണ്ടി 61491544.8 രൂപ അനുവദിച്ചു.

| | | | |
|---|---|---|---|
| 1 | താലൂക്ക് ആശുപത്രി, പുതുകാട് | ഉപകരണങ്ങൾ | 86,39,473/- രൂപ |
| | | സിവിൽ വർക്ക് | 46,70,000/- രൂപ |
| 2 | ജില്ലാ ആശുപത്രി, പേരൂർക്കട | ഉപകരണങ്ങൾ | 78,85,717.2 രൂപ |
| | | നിർമ്മാണം | 43,61,528/- രൂപ |
| 3 | താലൂക്ക് ആശുപത്രി, പുനലൂർ | ഉപകരണങ്ങൾ | 2,27,34,826/- രൂപ |
| 4 | താലൂക്ക് ആശുപത്രി, വക്കം | നിർമ്മാണം | 1,32,00,000/- രൂപ |

2019-2020 വർഷത്തിൽ ജില്ലാ-ജനറൽ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ദേശീയപാതകളിൽ NATPAC നടത്തിയ പഠനങ്ങളിൽ തിരിച്ചറിഞ്ഞിട്ടുള്ള Black spot-

കൾക്ക് സമീപമുള്ള ആശുപത്രികളിൽ ഘട്ടം ഘട്ടമായി Emergency Medical Care Strengthening ന്റെ ഭാഗമായി ട്രോമാ കെയർ ശക്തിപ്പെടുത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ പ്രവർത്തന സജ്ജമാകുന്ന വിധത്തിൽ 315 ആംബുലൻസുകൾ ഉൾപ്പെടെ Call Centre based Ambulance Service നിലവിലുണ്ട്. ഇത് കൂടാതെ ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ 108 ആംബുലൻസുകളും സർവ്വീസ് നടത്തുന്നു.

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിയ്ക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടം ഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. പ്ലാൻ ഫണ്ട് തുക ഉപയോഗിച്ച് ചുവടെ പരാമർശിച്ചിരിയ്ക്കുന്ന ആശുപത്രികളിൽ ട്രോമാ കെയർ ഉൾപ്പെട്ട അത്യാഹിത വിഭാഗം, മറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, acute severe asthma, snake bite, poisoning, drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**2015 - 2016 ലെ പ്ലാൻ ഫണ്ട് 249.953 ലക്ഷം**

| | | | |
|---|---|---|---|
| 1 | ജനറൽ ആശുപത്രി, ആറ്റിങ്ങൽ | 1048400/- രൂപ | ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചു. |
| 2 | താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര | 380000/- രൂപ | |
| 3 | താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട് | 380000/- രൂപ | |
| 4 | താലൂക്ക് ആശുപത്രി, പുനലൂർ | 2545000/- രൂപ | |
| 5 | താലൂക്ക് ആശുപത്രി, കൊല്ലം | 38000/- രൂപ | |
| 6 | താലൂക്ക് ആശുപത്രി, കായംകുളം | 16137200/- രൂപ | സി.റ്റി. സ്കാൻ വാങ്ങുന്നതിന് തുക അനുവദിച്ചു. |

**2016 - 2017 ലെ പ്ലാൻ ഫണ്ട് 249.18668 ലക്ഷം**

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 88.3 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| 2 | താലൂക്ക് ആശുപത്രി, ചാലക്കുടി | സി.റ്റി സ്കാൻ വാങ്ങുന്നതിന് 1.42 കോടി രൂപ അനുവദിച്ചു |
| 3 | ജില്ലാ ആശുപത്രി, കൊല്ലം | 4,03,576/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |

**2017 - 2018 ലെ പ്ലാൻ ഫണ്ട് 1135 ലക്ഷം.**

| | | |
|---|---|---|
| 1 | ജനറൽ ആശുപത്രി, അടൂർ | 70,00,000/- (ഇൻഫ്രാസ്ട്രക്ച്ചർ) |
| 2 | താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480/- (സിറ്റി സ്കാനർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും) |
| 3 | താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758/- (കാഷ്യാലിറ്റി ബ്ലോക്ക് |
| 4 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1,93,86,762/- (സി.റ്റി സ്കാനർ) |
| 5 | താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 65,00,000/- (ഫേബ്രിക്കേഷൻ വർക്ക്) |

**2018 - 2019 ലെ പ്ലാൻ ഫണ്ട് 485.70 ലക്ഷം**

| | | |
|---|---|---|
| 1 | ജില്ലാ ആശുപത്രി, കൊല്ലം | 1,80,48,800/- (ഉപകരണങ്ങൾ) |
| 2 | ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര | 1,25,86,820/- (ഉപകരണങ്ങൾ) |

| | | |
|---|---|---|
| 3 | ജില്ലാ ആശുപത്രി, നെടുമങ്ങാട് | 37,46,400/- (ഉപകരണങ്ങൾ) |
| 4 | ജില്ലാ ആശുപത്രി, ആലപ്പുഴ | 1,53,87,980/- (ഉപകരണങ്ങൾ) |
| 5 | ജില്ലാ ആശുപത്രി, പാലക്കാട് | 1,60,00,000/- (ഉപകരണങ്ങൾ) |

**2019 - 2020 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ 1300 ലക്ഷം അനുവദിച്ചു.**

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, കാഞ്ഞിരപ്പള്ളി | 1,23,83,900 |
| 2 | താലൂക്ക് ആശുപത്രി, ഹരിപ്പാട് | 1,24,01,500 |
| 3 | ജില്ലാ ആശുപത്രി, തൊടുപുഴ | 1,40,49,500 |
| 4 | താലൂക്ക് ആശുപത്രി, ചാലക്കുടി | 1,89,26,100 |
| 5 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 1,57,59,700 |
| 6 | താലൂക്ക് ആശുപത്രി, പുനലൂർ | 87,89,600 |
| 7 | ജനറൽ ആശുപത്രി, തലശ്ശേരി | 1,57,61,000 |
| 8 | താലൂക്ക് ആശുപത്രി, കുത്തുപറമ്പ് | 91,84,600 |
| 9 | താലൂക്ക് ആശുപത്രി, തിരൂർ | 87,33,800 |
| 10 | താലൂക്ക് ആശുപത്രി, താമരശ്ശേരി | 85,54,300 |
| 11 | താലൂക്ക് ആശുപത്രി, നോർത്ത് പരവൂർ | 32,95,400 |

റോഡ് സേഫ്റ്റി ഫണ്ട് 2.56 കോടി രൂപ ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ, ആംബുലൻസ് എന്നിവ വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, ഹരിപ്പാട് | ഉപകരണങ്ങൾ |
| 2 | താലൂക്ക് ആശുപത്രി, പയ്യന്നൂർ | ഉപകരണങ്ങൾ |
| 3 | താലൂക്ക് ആശുപത്രി, വടകര | ഉപകരണങ്ങൾ |
| 4 | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം | ആംബുലൻസ് |
| 5 | താലൂക്ക് ആശുപത്രി, പത്തനംതിട്ട | ഉപകരണങ്ങൾ |
| 6 | താലൂക്ക് ആശുപത്രി, ചാലക്കുടി | ആംബുലൻസ് |
| 7 | താലൂക്ക് ആശുപത്രി, ആലത്തൂർ | ഉപകരണങ്ങൾ |
| 8 | താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി | ആംബുലൻസ് |
| 9 | താലൂക്ക് ആശുപത്രി, അടൂർ | ഉപകരണങ്ങൾ |
| 10 | താലൂക്ക് ആശുപത്രി, അടിമാലി | ഉപകരണങ്ങൾ |
| 11 | താലൂക്ക് ആശുപത്രി, ആലുവ | ഉപകരണങ്ങൾ |
| 12 | താലൂക്ക് ആശുപത്രി, കുഴൽമന്ദം | ഉപകരണങ്ങൾ |
| 13 | താലൂക്ക് ആശുപത്രി, മഞ്ചേരി | ഉപകരണങ്ങൾ |
| 14 | താലൂക്ക് ആശുപത്രി, കാസർഗോഡ് | ഉപകരണങ്ങൾ |
| 15 | താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | ഉപകരണങ്ങൾ |

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്ക് എമർജൻസി മെഡിക്കൽ കെയർ എന്ന വിഷയം സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

National Trauma Care Fund ഉപയോഗിച്ച് ജനറൽ ആശുപത്രി എറണാകുളം, കണ്ണൂർ

എന്നിവിടങ്ങളിൽ ട്രോമാകെയർ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.റ്റി.പി. മുഖേന സേഫ് കോറിഡോർ പദ്ധതി പ്രകാരം എം. സി. റോഡിൽ (അടൂർ - കഴക്കൂട്ടം) ജനറൽ ആശുപത്രി അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പി.എച്ച്.സി. വാമനപുരം, സി.എച്ച്.സി. കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും, രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ-ജനറൽ ആശുപത്രികളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ് ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ജനറൽ ആശുപത്രി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, ജില്ലാ ആശുപത്രി കണ്ണൂർ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബിനായി 1100 ലക്ഷം രൂപ ജനറൽ ആശുപത്രി കോഴിക്കോടിനും, 2017-2018 സാമ്പത്തിക വർഷത്തിൽ 1200 ലക്ഷം രൂപ കാത്ത് ലാബിനായി ജില്ലാ ആശുപത്രി മാനന്തവാടിയ്ക്കും, ഐ.സി.യു സ്ഥാപിക്കുന്നതിനായി താലൂക്ക്ആശുപത്രി അടിമാലിയ്ക്കും അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്ന് വരികയും ചെയ്യുന്നു.

2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487/- രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി ചുവടെ പറയുന്ന ഉപകരണങ്ങൾ ജനറൽ ആശുപത്രി എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, ജനറൽ ആശുപത്രി ആലപ്പുഴയിൽ എച്ച്.റ്റി കണക്ഷൻ ലഭ്യമാക്കുന്നതിനുമായ് കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്.

നെടുങ്കണ്ടം ജില്ലാ ആശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 149 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ ജനറൽ ആശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 117 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എറണാകുളം ജനറൽ ആശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 76.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മാവേലിക്കര ജില്ലാ ആശുപത്രി വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 102.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിവിധ ജില്ലകളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 69 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബി മുഖേന നടപ്പാക്കുകയും ചെയ്യുന്നു.

കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 57.52 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**General Hospital, Ernakulam.**

| Ser No. | Equipment (Through KMSCL) | Qty (Nos) | Unit Rate (in Rs) | Amount (in Rs) |
|---|---|---|---|---|
| 1. | Portable Echocradiography system (for Emergency bedside echo in ICU and cath Lab during and after procedures) | 1 | 17,00,000 | 17,00,000 |
| 2. | Syringe Pumps | 20 | 30,000 | 6,00,000 |
| 3. | Transport Trolly | 2 | 50,000 | 1,00,000 |
| 4. | Biphasic defibrillator | 2 | 2,00,000 | 4,00,000` |
| 5. | Mechanical Ventilator - ICU | 2 | 9,00,000 | 18,00,000 |
| 6 | Non Invasive Ventilator | 2 | 3,50,000 | 7,00,000 |

| | | | | |
|---|---|---|---|---|
| 7 | Multiparamonitors for Radial Angiography loung | 8 | 1,00,000 | 8,00,000 |
| 8 | Radial Angiorgraphy Couches (Dialysis Chairs) | 8 | 80,000 | 6,40,000 |
| 9 | Haemodialyisis Machine with SLED facility | 1 | 15,00,000 | 15,00,000 |
| 10 | Portable Reverse Osmosis unit with installation | 1 | 15,60,000 | 15,60,000 |
| 11 | Rotablation system with installation | 1 | 3,00,000 | 3,00,000 |
| 12 | Mechanical Ventilator ICU | 1 | 10,78,840 | 10,78,840 |
| **Total** | | | | **1,38,78,840** |

**General Hospital, Palakkad**

| Ser. No | Equipment | Amount (in Rs) |
|---|---|---|
| 1. | FFR Assessing Equipment and IVUS (Intravascular Ultrasound) through KMSCL | 60,00,000 |
| **Total** | | **60,00,000** |

**General Hospital, Thiruvananthapuram**

| Ser. No | Equipment | Amount (in Rs) |
|---|---|---|
| 1. | Live 3D (4D) Echocardiography System | 1,28,77,647 |
| 2 | 250 KWA Diesel Generator | |
| 3 | Control Panel Air Compressor through KMSCL | |
| **Total** | | **1,28,77,647** |

**General Hospital, Alappuzha**

| Ser. No | Equipment | Amount (in Rs) |
|---|---|---|
| 1. | High Tension Electricity connection for setting up of Cath Lab and CCU (work will be done by HLL)<br>Civil Works - Rs.50 Lakh<br>Electrical Works - Rs 150 Lakh | 2,00,00,000 |
| **Total** | | **2,00,00,000** |

2019-2020 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബുകളുടെ ശാക്തീകരണത്തിനായി ചുവടെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി ജനറൽ ആശുപത്രി എറണാകുളം, പാലക്കാട്, ജില്ലാ ആശുപത്രി കൊല്ലം എന്നീ സ്ഥാപനങ്ങളിൽ അനുവദിച്ച 2,99,98,706/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

**General Hospital, Ernakulam.**

| Ser No. | Equipment (Through KMSCL) | Qty (Nos) | Unit Rate (in Rs) | Amount (in Rs) |
|---|---|---|---|---|
| 1. | Cardiac Optical Coherence Tomography with FFR | 1 | 1,24,65,552 | 1,24,65,552 |

| | | | | |
|---|---|---|---|---|
| 2. | 12 Channel Holder | 1 | 5,81,096 | 5,81,096 |
| 3. | Leadless Radiation Protection Aprons Foldable vest & skirt type | 4 | 70,000 | 2,80,000 |
| **Total** | | | | **1,33,26,648** |

**General Hospital, Palakkad.**

| Ser No. | Equipment (Through KMSCL) | Qty (Nos) | Unit Rate (in Rs) | Amount (in Rs) |
|---|---|---|---|---|
| 1. | Cardiac Optical Coherence Tomography with FFR | 1 | 1,24,65,552 | 1,24,65,552 |
| 2. | Rotablater | 1 | 36,07,800 | 36,07,800 |
| **Total** | | | | **1,60,73,352** |

**District Hospital, Kollam.**

| Ser No. | Equipment (Through KMSCL) | Qty (Nos) | Unit Rate (in Rs) | Amount (in Rs) |
|---|---|---|---|---|
| 1. | Emergency Cot | 5 | 44,403 | 2,22,015 |
| 2. | ECG Machine 12 Channel | 1 | 70,953 | 70,953 |
| 3 | Leadles Radiation Protection Aprons Foldable Vest & Skirt type | 2 | 70,000 | 1,40,000 |
| 4 | Computer with Laser Printer | 1 | 1,24,499 | 1,24,499 |
| 5 | Leadless Head Gear Radiation Protection and light weight lead Goggles | 1 | 16,239 | 16,239 |
| 6 | ECG Single Channel | 1 | 25,000 | 25,000 |
| **Total** | | | | **5,98,706** |

സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ വിദഗ്ധ ചികിത്സയ്ക്കായി നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്ഘാടനത്തിന് സജ്ജമാക്കിവരുന്ന പുതിയ ക്യാഷാലിറ്റിയിൽ എമർജൻസി മെഡിസിൻ & ക്രിട്ടിക്കൽ കെയർ യൂണിറ്റും അത്യാധുനിക ഉപകരണങ്ങൾ അടക്കം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ വിദഗ്ധ ചികിത്സയ്ക്കായി താഴെ പറയുന്ന നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| Stand alone Ventilator | - | 4 |
| Portable Ventilator | - | 3 |
| Non invasive ventilator | - | 4 |
| Portable Ultrasound | - | 1 |
| Portable X-ray | - | 1 |
| Bronchoscope | - | 1 |
| Video laryngoscope | - | 1 |
| Dialysis Machine | - | 1 |
| Percuraneous tracheostomy | | |
| Set ABG Machine | - | 2 |

കൂടാതെ എമർജൻസി മെഡിസിൻ ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ എമർജൻസി മെഡിസിൻ പി.ജി കോഴ്സും ഉണ്ട്. അത്യാഹിത വിഭാഗത്തിൽ triage system, point of care ultrasound, stroke thrombolytic therapy തുടങ്ങിയവയും ഉണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ അത്യാഹിത വിഭാഗം 1/8/2018-ൽ ആരംഭിച്ചത് ട്രയേജ് സിസ്റ്റത്തോട് കൂടിയാണ്. അതായത് വരുന്ന രോഗികളെ തരംതിരിച്ച് (Seriously ill, Moderate injuries, minor complaints) ആണ് ചികിത്സയ്ക്ക് വിധേയമാകുന്നത്. Seriously ill ആയ രോഗികളെ Red Zone ലും Moderate ill രോഗികളെ Yellow zone ലും minor complint രോഗികളെ Gree Zone ലും ആയിട്ടാണ് പരിഗണിക്കുന്നത്. നിലവിൽ Gree zone –ന് പകരം അതാത് കാഷ്വാലിറ്റിയിലേക്കാണ് രോഗികളെ വിടുന്നത് (Medicine, Surgery, GH,ENT,OPH,OFMS) കൂടാതെ observation rooms for male and female patients – നിലവിലുണ്ട്.

ആദ്യം രോഗിയെ സ്വീകരിക്കുന്നതി Triage-ൽ രണ്ട് നഴ്സുമാരെയാണ് ഇവിടെ നിയമിച്ചിട്ടുണ്ട്. Initial more machine (Pulse, BP, Spoz, Resporation Temperature) ഇത്രയും കാര്യങ്ങൾ നോക്കി രോഗികളുടെ കംപ്ലയിന്റും ഒ.പി ടിക്കറ്റിൽ എഴുതി ബന്ധപ്പെട്ട ഏരിയയിൽ വിടുന്നു. അവിടെ നിന്നും അഡ്മിഷൻ ആകുന്നവർ ഇൻചാർജ്ജ് നഴ്സിംഗ് ബുക്കി കാണിച്ച് ഇഞ്ചക്ഷൻ എടുക്കാനുള്ളവർക്ക് 135 റൂമിൽ നിന്നും ഇഞ്ചക്ഷൻ എടുത്തതിന്ശേഷം ഇൻവെസ്റ്റിഗേഷൻ, ഇ.സി.ജി, എക്സ്റേ ഇവ കഴിഞ്ഞ് രോഗികളെ അതാത് വാർഡുകളിൽ വിടുന്നു.

Red Zone ൽ ഡോക്ടർമാർ ഒരു എമർജൻസി ഫിസിഷ്യൻ, രണ്ട് ജൂനിയർ റസിഡന്റ്, മൂന്നാം വർഷം രണ്ട് ഹൗസ് സർജൻസ് എന്നിവരുണ്ട്. Defixillation, വെന്റിലേറ്റേഴ്സ്-2, 1 Fast Machine, bedside monitors തുടങ്ങിയ എക്യുപ്മെന്റ്സ് റെഡ് സോണിൽ ഉണ്ട്. എക്സ്റേ, സി.ടി.സ്കാൻ മുതലായ സംവിധാനങ്ങളും കാഷ്വാലിറ്റിയിൽ തന്നെയുണ്ട്. യു.സി.ജി മെഷീനും പ്രവർത്തിക്കുന്നുണ്ട്. Yellow Zone -ലും Defch, monitors,syringe pump തുടങ്ങിയവയുണ്ട്. സെൻട്രൽ 2 സംവിധാനം എല്ലായിടത്തും ഉണ്ട്.

സർജറി പ്രൊസീജിയർ റൂമിലും ഓർത്തോ പ്രൊസീജിയർ റൂമിലും മൈനർ പ്രൊസീജിയർ റൂമിലും ചെയ്യുന്നതിനു എല്ലാ സംവിധാനങ്ങളും ഉണ്ട്. Including Cairtery machine Ortho വിഭാഗത്തിലും പ്ലാസ്റ്റർ മുറിയിലും വേറെ സജ്ജമാക്കിയിട്ടുണ്ട്. ഇ.എൻ.റ്റി. ഒ.റ്റി.സി,

ഒഫ്ത്താൽമോളജി, ഒ.എം.എഫ്.എസ്-ന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. ലാബ് ഫസിലിറ്റിവ് - എ.ബി.ജി മെഷീൻ, ട്രോപ്പ്.റ്റി മെഷീൻ-2 നമ്പഴ്സ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിലുള്ള അത്യാഹിത വിഭാഗ സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 16 ബെഡോടുകൂടിയ ട്രോമോ കെയർ സംവിധാനം നിലവിലുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ Triage സംവിധാനം ട്രോമോ ഐ.സി.യു തുടങ്ങിയ കാര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് അത്യാഹിത വിഭാഗം നവീകരിക്കുന്നതിനായി 99 ലക്ഷം രൂപ അനുവദിച്ച പ്രവർത്തികൾ നടന്നു വരുന്നു.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നു.

ദേശീയപാതകളിൽ NATPAC നടത്തിയ പഠനങ്ങളിൽ തിരിച്ചറിഞ്ഞിട്ടുള്ള Black spot-കൾക്ക് സമീപമുള്ള ആശുപത്രികളിൽ ഘട്ടം ഘട്ടമായി Emergency Medical Care Strengthening ന്റെ ഭാഗമായി ട്രോമാ കെയർ ശക്തിപ്പെടുത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ പ്രവർത്തന സജ്ജമാകുന്ന വിധത്തിൽ 315 ആംബുലൻസുകൾ ഉൾപ്പെടെ Call Centre based Ambulance Service നിലവിലുണ്ട്. ഇത് കൂടാതെ ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ 108 ആംബുലൻസുകളും സർവ്വീസ് നടത്തുന്നു.

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിയ്ക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടം ഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. പ്ലാൻ ഫണ്ട് തുക ഉപയോഗിച്ച് ചുവടെ പരാമർശിച്ചിരിയ്ക്കുന്ന ആശുപത്രികളിൽ ട്രോമാ കെയർ ഉൾപ്പെട്ട അത്യാഹിത വിഭാഗം, മറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, acute severe asthma, snake bite, poisoning, drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനും ഉള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**2015 - 2016 ലെ പ്ലാൻ ഫണ്ട് 249.953 ലക്ഷം**

| | | | |
|---|---|---|---|
| 1 | ജനറൽ ആശുപത്രി, ആറ്റിങ്ങൽ | 1048400/- രൂപ | ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചു. |
| 2 | താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര | 380000/- രൂപ | |
| 3 | താലൂക്ക് ആശുപത്രി, കാഞ്ഞാങ്ങാട് | 380000/- രൂപ | |
| 4 | താലൂക്ക് ആശുപത്രി, പുനലൂർ | 2545000/- രൂപ | |
| 5 | താലൂക്ക് ആശുപത്രി, കൊല്ലം | 38000/- രൂപ | |
| 6 | താലൂക്ക് ആശുപത്രി, കായംകുളം | 16137200/- രൂപ | സി.റ്റി. സ്കാൻ വാങ്ങുന്നതിന് തുക അനുവദിച്ചു. |

**2016 - 2017 ലെ പ്ലാൻ ഫണ്ട് 249.18668 ലക്ഷം**

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 88.3 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| 2 | താലൂക്ക് ആശുപത്രി, ചാലക്കുടി | സി.റ്റി സ്കാൻ വാങ്ങുന്നതിന് 1.42 കോടി രൂപ അനുവദിച്ചു |
| 3 | ജില്ലാ ആശുപത്രി, കൊല്ലം | 4,03,576/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |

**2017 - 2018 ലെ പ്ലാൻ ഫണ്ട് 1135 ലക്ഷം.**

| | | |
|---|---|---|
| 1 | ജനറൽ ആശുപത്രി, അടൂർ | 70,00,000/- (ഇൻഫ്രാസ്ട്രക്ച്ചർ) |
| 2 | താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480/- (സിറ്റി സ്കാനർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും) |
| 3 | താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758/- (കാഷ്യാലിറ്റി ബ്ലോക്ക് |
| 4 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1,93,86,762/- (സി.റ്റി സ്കാനർ) |
| 5 | താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 65,00,000/- (ഫേബ്രിക്കേഷൻ വർക്ക്) |

**2018 - 2019 ലെ പ്ലാൻ ഫണ്ട് 485.70 ലക്ഷം**

| | | |
|---|---|---|
| 1 | ജില്ലാ ആശുപത്രി, കൊല്ലം | 1,80,48,800/- (ഉപകരണങ്ങൾ) |
| 2 | ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര | 1,25,86,820/- (ഉപകരണങ്ങൾ) |
| 3 | ജില്ലാ ആശുപത്രി, നെടുമങ്ങാട് | 37,46,400/- (ഉപകരണങ്ങൾ) |
| 4 | ജില്ലാ ആശുപത്രി, ആലപ്പുഴ | 1,53,87,980/- (ഉപകരണങ്ങൾ) |
| 5 | ജില്ലാ ആശുപത്രി, പാലക്കാട് | 1,60,00,000/- (ഉപകരണങ്ങൾ) |

**2019 - 2020 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ 1300 ലക്ഷം അനുവദിച്ചു.**

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, കാഞ്ഞിരപ്പള്ളി | 1,23,83,900 |
| 2 | താലൂക്ക് ആശുപത്രി, ഹരിപ്പാട് | 1,24,01,500 |
| 3 | ജില്ലാ ആശുപത്രി, തൊടുപുഴ | 1,40,49,500 |
| 4 | താലൂക്ക് ആശുപത്രി, ചാലക്കുടി | 1,89,26,100 |
| 5 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 1,57,59,700 |
| 6 | താലൂക്ക് ആശുപത്രി, പുനലൂർ | 87,89,600 |
| 7 | ജനറൽ ആശുപത്രി, തലശ്ശേരി | 1,57,61,000 |
| 8 | താലൂക്ക് ആശുപത്രി, കൂത്തുപറമ്പ് | 91,84,600 |
| 9 | താലൂക്ക് ആശുപത്രി, തിരൂർ | 87,33,800 |
| 10 | താലൂക്ക് ആശുപത്രി, താമരശ്ശേരി | 85,54,300 |
| 11 | താലൂക്ക് ആശുപത്രി, നോർത്ത് പരവൂർ | 32,95,400 |

2019-ൽ 58 ഡോക്ടർമാർക്കും, 77 സ്റ്റാഫ് നേഴ്സമാർക്കും, 86 അറ്റൻഡർമാർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

റോഡ് സേഫ്റ്റി ഫണ്ട് 2.56 കോടി രൂപ ഉപയോഗിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ, ആംബുലൻസ് എന്നിവ വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, ഹരിപ്പാട് | ഉപകരണങ്ങൾ |
| 2 | താലൂക്ക് ആശുപത്രി, പയ്യന്നൂർ | ഉപകരണങ്ങൾ |
| 3 | താലൂക്ക് ആശുപത്രി, വടകര | ഉപകരണങ്ങൾ |
| 4 | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം | ആംബുലൻസ് |
| 5 | താലൂക്ക് ആശുപത്രി, പത്തനംതിട്ട | ഉപകരണങ്ങൾ |
| 6 | താലൂക്ക് ആശുപത്രി, ചാലക്കുടി | ആംബുലൻസ് |

| | | |
|---|---|---|
| 7 | താലൂക്ക് ആശുപത്രി, ആലത്തൂർ | ഉപകരണങ്ങൾ |
| 8 | താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി | ആംബുലൻസ് |
| 9 | താലൂക്ക് ആശുപത്രി, അടൂർ | ഉപകരണങ്ങൾ |
| 10 | താലൂക്ക് ആശുപത്രി, അടിമാലി | ഉപകരണങ്ങൾ |
| 11 | താലൂക്ക് ആശുപത്രി, ആലുവ | ഉപകരണങ്ങൾ |
| 12 | താലൂക്ക് ആശുപത്രി, കുഴൽമന്ദം | ഉപകരണങ്ങൾ |
| 13 | താലൂക്ക് ആശുപത്രി, മഞ്ചേരി | ഉപകരണങ്ങൾ |
| 14 | താലൂക്ക് ആശുപത്രി, കാസർഗോഡ് | ഉപകരണങ്ങൾ |
| 15 | താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | ഉപകരണങ്ങൾ |

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്ക് എമർജൻസി മെഡിക്കൽ കെയർ എന്ന വിഷയം സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

National Trauma Care Fund ഉപയോഗിച്ച് ജനറൽ ആശുപത്രി എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ ട്രോമാകെയർ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.റ്റി.പി. മുഖേന സേഫ് കോറിഡോർ പദ്ധതി പ്രകാരം എം. സി. റോഡിൽ (അടൂർ - കഴക്കൂട്ടം) ജനറൽ ആശുപത്രി അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പി.എച്ച്.സി. വാമനപുരം, സി.എച്ച്.സി. കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും, രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ